# ദൈവസ്തുതിയുടെ ശക്തി

സന്തോഷ് കരുമത്ര

ഇന്ന് അനേകം വ്യക്തികൾക്കു സ്തുതിപ്പിനെ കുറിച്ച് പല വിധത്തിലുള്ള തെറ്റിദ്ധാരണയാണുള്ളത്. എന്തിനാണ് ഇത്രയും ഉച്ചത്തിൽ സ്തുതിക്കുന്നത്? ശാന്തമായി പ്രാർഥിച്ചാലും കർത്താവ് പ്രാർഥന കേൾക്കുകയില്ലേ? ഉച്ചത്തിലുള്ള സ്തുതിപ്പും സ്വരമുയർത്തിയുള്ള പ്രാർഥനയും അംഗീകരിക്കാനും അത്തരം കൂട്ടായ്മയിലേക്കു കടന്നു വന്നു ഒന്നിച്ച് ദൈവത്തെ മനം തുറന്ന് മഹത്വപ്പെടുത്തി പ്രാർഥിക്കാനും അനേകർക്കു സാധിക്കാതെ പോവുകയാണ്. ദൈവസ്തുതിയെ കുറിച്ചുള്ള തെറ്റായ ബോധ്യമാണ് ഇതിനു കാരണം. എന്നാൽ ക്രിസ്തീയ ജീവിതം സ്തുതിയുടെ ജീവിതമാണെന്നു നാം മനസിലാക്കണം.

കർത്താവിന്റെ അപ്പസ്തോലൻമാരായ പൗലോസും സീലാസും ഫിലിപ്പി കാരാഗൃഹത്തിന്റെ ഉള്ളറയിൽ ബന്ധിക്കപ്പെട്ട പ്രതികൂലത്തിലും പ്രതിസന്ധിയിലും ദൈവത്തെ സ്തുതിക്കുന്നതും തുടർന്ന് സംഭവിക്കുന്ന അത്ഭുതങ്ങളും (അപ്പ 16:25-31) തിരുവചനങ്ങൾ പരിശോധിച്ചാൽ മനസിലാകും. കാരാഗൃഹത്തിന്റെ ഉള്ളറയിൽ ബന്ധിതരായി പരസ്പരം കാണുവാൻ പോലും കഴിയാതെ കൂരാക്കൂരിരുട്ടിൽ വേദനകൾക്കും പ്രതിസന്ധികൾക്കും പ്രശ്നങ്ങളുടെയും നടുവിൽ പൗലോസും സീലാസും ദൈവത്തെ സ്തുതിച്ചു. അർധരാത്രിയോടടുത്ത് പൗലോസും സീലോസും ദൈവത്തെ കീർത്തനം പാടി സ്തുതിച്ചു. തടവുകാർ അത് കേട്ടുകൊണ്ടിരുന്നു(അപ്പ: 16:25).

കാരാഗൃഹത്തിന്റെ ഉള്ളറയിൽ കിടന്ന് പൗലോസും സീലോസും സ്തുതിച്ചത് തടവറയിലുള്ളവർ മുഴുവൻ കേൾക്കണമെങ്കിൽ എത്രമാത്രം ഉച്ചത്തിലായിരിക്കും അവർ സ്തുതിച്ചത്?. വളരെ സ്വരമുയർത്തി പൂർണശക്തിയോടും പൂർണഹൃദയത്തോടും അവർ കർത്താവിനെ മഹത്വപ്പെടുത്തി. അവരുടെ ചങ്ങലകൾ പൊട്ടാനായിരുന്നില്ല അവർ ദൈവത്തെ സ്തുതിച്ചാരാധിച്ചത്. കാരാഗൃഹത്തിൽ നിന്നു രക്ഷപ്പെടാമെന്നുമുള്ള ചിന്തയാലുമല്ല. ദൈവത്തോടുള്ള സ്നേഹം മാത്രമായിരുന്നു ദൈവത്തെ സ്തുതിക്കാൻ അവരെ പ്രേരിപ്പിച്ചത്. എന്നാൽ പ്രതികൂലങ്ങൾക്കു നടുവിൽ അവർ ദൈവത്തെ സ്തുതിച്ചപ്പോൾ അവിടെ അത്ഭുതങ്ങൾ സംഭവിച്ചു. അനേകം തകർച്ചകൾ നമ്മുടെ കുടുംബങ്ങളിലുണ്ട്. തൊഴിൽ മേഖലകളുടെയും കുടുംബത്തിന്റെയും മക്കളുടെയും മേൽ കടന്നു വരുന്ന ദുരന്തങ്ങളും ദുരിതങ്ങളും ഉണ്ട്. ഇവയുടെയെല്ലാം നടുവിൽ അപ്പസ്തോലർ ചെയ്തതു പോലെ ദൈവത്തെ സ്തുതിച്ചാൽ അവിടെ അത്ഭുതങ്ങൾ കാണാൻ സാധിക്കും. നമ്മുടെ ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികൾക്കു നടുവിൽ നമുക്കും ദൈവത്തെ സ്നേഹിച്ച് സ്തുതിക്കാൻ സാധിക്കണം. ദൈവത്തെ സ്തുതിക്കുമ്പോൾ കാരാഗൃഹത്തിൽ കണ്ടതുപോലെയുള്ള അത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിലും സംഭവിക്കും.

## കാരാഗൃഹത്തിലെ ആദ്യ അത്ഭുതം.(അപ്പ 16:21)

കാരാഗൃഹത്തിൽ പെട്ടെന്ന് വലിയ ഒരു ഭൂകമ്പം ഉണ്ടായി. നാശനഷ്ടങ്ങൾ സൃഷ്ടിക്കുന്ന സാധാരണ ഒരു ഭൂകമ്പമായിരുന്നില്ല അവിടെ ഉണ്ടായത്.. ദൈവശക്തി ഇറങ്ങി വന്നതായിരുന്നു ആ ഭൂകമ്പം. ദൈവസാന്നിധ്യത്തിൽ ഭൂമി കുലുങ്ങി.(സങ്കീ 68:8). എവിടയെല്ലാം ദൈവമക്കൾ ഒന്നു ചേർന്ന് ദൈവത്തെ ആരാധിക്കുന്നുവോ അവിടെയെല്ലാം ദൈവശക്തി ഇറങ്ങിവരും. ദൈവസാന്നിധ്യം എവിടെയെല്ലാം വെളിപ്പെടുമോ അവിടെയെല്ലാം കുലുക്കളുണ്ടാകും. നമ്മൾ ദൈവത്തെ സ്തുതിച്ചാരാധിക്കുമ്പോൾ സ്വർഗ ശക്തി ഇറങ്ങി വരും. (വെളി 8:5). പ്രതിസന്ധികൾ ജീവിതത്തിലുണ്ടാകുമ്പോൾ നമുക്കും സ്തുതിക്കാൻ സാധിക്കണം. പ്രതികൂലങ്ങൾ മാറാനല്ല, മറിച്ച് ദൈവത്തോടുള്ള സ്നേഹത്താലായിരിക്കണം സ്തുതിക്കേണ്ടത്. അപ്പോൾ നമ്മുടെ ജീവിതം അഭിഷേകം ചെയ്യപ്പെടും.

## രണ്ടാമത്തെ അത്ഭുതം : കാരാഗൃഹത്തിന്റെ അടിത്തറ കുലുങ്ങി

ശക്തമായ അടിത്തറയുള്ള കാരാഗൃഹത്തിലേക്കു കർത്താവിന്റെ മഹത്വമേറിയ സാന്നിധ്യം, ദൈവത്തിന്റെ അത്ഭുതകരമായ ശക്തി ഇറങ്ങി വന്നു. ഈ വചനത്തിൽ വിശ്വസിക്കുന്നവർക്കു വേണ്ടി കർത്താവ് ഈ അത്ഭുതം വീണ്ടും ചെയ്യുവാൻ മതിയായവനാണ്. വ്യക്തി ജീവിതങ്ങളിലും കുടുംബങ്ങളിലും തലമുറകളിലുമുള്ള സാത്താന്റെ അടിസ്ഥാനങ്ങൾ ദൈവം തകർത്തു കളയും. പാപത്തിന്റെയും

സാത്താന്റെയും ശാപബന്ധനത്തിന്റെയും അടിസ്ഥാനങ്ങൾ തകരും. വംശപരമ്പരകൾ സ്വാതന്ത്ര്യം പ്രാപിക്കും. വിശ്വസിച്ച് നമ്മൾ തലമുറകളെ സമർപ്പിച്ച് ദൈവത്തെ സ്തുതിച്ച് പ്രാർഥിക്കുമ്പോൾ ഇതെല്ലാം സംഭവിക്കും.

**മൂന്നാമത്തെ അത്ഭുതം : എല്ലാ വാതിലുകളും തുറക്കപ്പെട്ടു.**

ഏശയ്യാ പ്രവാചക ഗ്രന്ഥത്തിൽ ദൈവാത്മാവ് എഴുതിയിട്ടുണ്ട്. ‘ ദാവീദ് ഭവനത്തിന്റെ താക്കോൽ അവന്റെ ചുമലിൽ ഞാൻ വെച്ചു കൊടുക്കും. അവൻ ഒരു വാതിൽ തുറന്നാൽ ആരും അടയ്ക്കുകയോ അവൻ ഒരു വാതിൽ അടച്ചാൽ ആരും തുറക്കുകയോ ഇല്ല.’ (ഏശയ്യ 22:22). കാരാഗൃഹത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. കർത്താവ് തന്നെ അവരുടെ മുമ്പിൽ അടഞ്ഞുകിടക്കുന്ന വാതിലുകൾ തുറന്നു കൊടുത്തു.

പ്രിയ സഹോദരാ, സഹോദരീ...ഇത് നിനക്കുള്ള ദൈവത്തിന്റെ സ്വരമാണ്. കർത്താവ് ഒരു വഴി തുറന്നാൽ അത് ആർക്കും അടയ്ക്കാൻ പറ്റില്ല. ലോകത്തു ഒരു വ്യക്തിക്കും ശക്തിക്കും പ്രസ്ഥാനത്തിനും കർത്താവ് തുറന്ന വാതിൽ അടയ്ക്കാൻ സാധ്യമല്ല.നമ്മുടെ മുമ്പിൽ അടഞ്ഞു കിടക്കുന്ന ഒരുപാട് വാതിലുകളുണ്ട്. കുടുംബത്തിൽ, ബിസിനസ് മേഖലയിൽ, പഠന മേഖലയിൽ, ശുശ്രൂഷ മേഖലയിൽ......ജീവിതത്തിൽ മുന്നേറാൻ പറ്റുന്നില്ല. എല്ലാ വാതിലുകളും അടഞ്ഞുപോയ അവസ്ഥയിൽ നിരാശപ്പെടേണ്ട. ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തുമ്പോൾ ദൈവം നേരിട്ട് വന്നു വാതിലുകൾ തുറക്കും. ദൂതൻമാരെ അയച്ചല്ല, സ്വർഗത്തിലെ കർത്താവ് തന്നെ നേരിട്ടുപോയി എല്ലാം ക്രമീകരിക്കും. ‘ഞാൻ നിനക്കു മുമ്പേ പോയി മലകളെ നിരപ്പാക്കും. പിച്ചള വാതിലുകളെ ഞാൻ തകർക്കും. ഇരുമ്പോടാമ്പലുകളെ ഞാൻ ഒടിക്കും. (ഏശയ്യ )

കർത്താവ് നമുക്കുവേണ്ടി പുതിയ വാതിലുകൾ തുറക്കും. പിശാചും ലോകവും ഉയർത്തിയ മലകളെ നിരപ്പാക്കും. ഈ വചനത്തിൽ വിശ്വസിക്കുക. ഗതിയാണെന്നും വിധിയാണെന്നും നിരാശപ്പെട്ടും ഇരിക്കാതെ ഈ വിഷയത്തിന്റെമേൽ നീ ജയമെടുക്കണം. പ്രാർഥിച്ച് ദൈവത്തെ സ്തുതിക്കുമ്പോൾ നമ്മുടെ പ്രശ്നത്തിൽ അത്ഭുതകരമായി തുറവികൾ ഉണ്ടാകും.

**നാലാമത്തെ അത്ഭുതം : അവരുടെ ചങ്ങലകൾ അഴിഞ്ഞുവീണു.**

യേശുവിന്റെ ശുശ്രൂഷ ചങ്ങലകളെ അഴിക്കുന്ന, കെട്ടുകളെ പൊട്ടിക്കുന്ന ശുശ്രൂഷയാണ്. യേശുക്രിസ്തു ഈ ലോകത്തേക്കു വന്നത് സ്വാതന്ത്ര്യം തരാനാണ്.

**അഞ്ചാമത്തെ അത്ഭുതം : പാറാവുകാരന്റെ മാനസാന്തരം.**

ദൈവത്തിന്റെ ശക്തമായ കരം പ്രവർത്തിച്ചതു തിരിച്ചറിഞ്ഞ പാറാവുകാരൻ പൗലോസിനോടും സീലോസിനോടും ചോദിച്ചു. രക്ഷ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം? കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. പാറാവുകാരൻ യേശുവിനെ സ്വീകരിച്ച് മാമ്മോദീസാ വഴി തിരുസഭയോടു ചേർക്കപ്പെട്ടു. മാനസാന്തരമുണ്ടായതോടെ യഥാർഥ രൂപാന്തരീകരണം സംഭവിച്ചു. ഏറ്റവും വലിയ അത്ഭുതമാണ് ഇവിടെ സംഭവിച്ചത്. ദൈവത്തെ സ്തുതിച്ചാരാധിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ സാന്നിധ്യവും അത്ഭുതങ്ങളും ദർശിക്കാനാവും. കർത്താവ് നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.